(1)	(2)
പാലക്കാട്	110
മലപ്പുറം	172
കോഴിക്കോട്	129
വയനാട്	28
കണ്ണൂർ	372
കാസർഗോഡ്	163
ആകെ	2274

(ബി) എറണാകുളം ജില്ല സഹകരണ ബാങ്കിന്റെ ആഭിമുഖ്യത്തിൽ കാക്കനാട് പ്രവർത്തിക്കുന്ന ഇ.എം.എസ് ലൈബ്രറിയിൽ വളരെ വിപുലമായ പുസ്തകശേഖരവും സജ്ജീകരണങ്ങളും ഒരുക്കിയിട്ടുണ്ട്. സഹകരണ മേഖലയിൽ ലൈബ്രറികൾ ആരംഭിച്ചിട്ടുള്ള സാഹചര്യത്തിൽ ഇത്തരത്തിൽ വിപുലമായ ലൈബ്രറികൾ സഹകരണ സംഘങ്ങൾ മുഖേന സജ്ജീകരിക്കുന്നതിനും പുസ്തകങ്ങൾ വിതരണം ചെയ്യുന്നതിനും ആധുനിക ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. 1969-ലെ കേരള സഹകരണ സംഘം നിയമത്തിൽ 7/10-ാം നമ്പർ ആക്ടായി വരുത്തിയ ഭേദഗതി പ്രകാരം തുടർച്ചയായി അഞ്ച് വർഷം നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഒഴികെ മറ്റെല്ലാ സഹകരണ സംഘങ്ങളും ലൈബ്രറി സ്ഥാപിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കാക്കനാട് പ്രവർത്തിക്കുന്ന ജില്ലാ സഹകരണ ബാങ്കിന്റെ ലൈബ്രറി പോലുള്ള സഹകരണ ലൈബ്രറികൾ സംസ്ഥാനത്ത് സ്ഥാപിക്കുവാൻ നിലവിലുള്ള ഭേദഗതി സഹായകരമാവുമെന്ന് കരുതുന്നു.

ഡെയിലി കളക്ഷൻ ഏജന്റുമാരെ സ്ഥിരപ്പെടുത്താൻ നടപടി

21 (4076) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സഹകരണ വകുപ്പിലെ ഡെയിലി കളക്ഷൻ ഏജന്റുമാരെ സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട ഏതെങ്കിലും ഉത്തരവ് നിലവിലുണ്ടോ ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

കേരളത്തിലെ സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപ/വായ്പാ പിരിവുകാരെ സഹകരണ സംഘം രജിസ്ട്രാറുടെ 10/2005, 4/2006 എന്നീ സർക്കുലറുകളിലെ വ്യവസ്ഥകൾ പ്രകാരമാണ് സ്ഥിരപ്പെടുത്തുന്നത്. സർക്കുലറുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly